14
നവംബർ 2018 ബുധൻ
1194 തുലാം 28
തിരുവനന്തപുരം

കേരള കൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

107 വർഷങ്ങൾ
4 തലമുറകൾ

16 പേജ് ₹ 7.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU
www.keralakaumudi.com www.facebook.com/keralakaumudi

ഒറ്റനോട്ടം

തന്ത്രത്തിൽ നീങ്ങാൻ സർക്കാർ

യുവതികൾക്ക് ഈ സീസണിൽ വിലക്കില്ലെന്ന് നിയമവിദഗ്ധർ

പേജ് 7

ശ്രീലങ്കയിൽ സിരിസേനയ്ക്ക് തിരിച്ചടി

പേജ് 11

തലവര

ശബരിമല: നിയമോപദേശം സ്വീകരിച്ച് മുന്നോട്ട് പോകും - മുഖ്യമന്ത്രി

വിളിക്കാതെ നിയമോപദേശം കൊടുക്കുന്ന ഓഫറുണ്ട്... നോക്കുന്നോ?..

ശബരിമല സ്ത്രീപ്രവേശന വിധിക്ക് സ്റ്റേ ഇല്ല

തുറന്ന കോടതിയിലേക്ക്

അനിൽ വി.ആനന്ദ്

ജനുവരി 22ന് വാദം കേൾക്കാൻ സുപ്രീംകോടതി തീരുമാനം

ജസ്റ്റിസ് ഇന്ദുമൽഹോത്ര, ജസ്റ്റിസ് എ.എം. ഖാൻവിൽക്കർ, ചീഫ് ജസ്റ്റിസ് രഞ്ജൻ ഗോഗോയ്, ജസ്റ്റിസ് രോഹിന്റൺ നരിമാൻ, ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ്

ന്യൂഡൽഹി: ശബരിമലയിൽ പ്രായഭേദമെന്യേ സ്ത്രീപ്രവേശനം അനുവദിച്ച അഞ്ചംഗ ഭരണഘടനാബെഞ്ചിന്റെ വിധി സ്റ്റേ ചെയ്യാതെ നിലനിറുത്തിക്കൊണ്ട് പുനഃപരിശോധനാ ഹർജികളും റിട്ട് ഹർജികളും തുറന്ന കോടതിയിൽ ജനുവരി 22ന് വാദം കേൾക്കാൻ സുപ്രീംകോടതി തീരുമാനിച്ചു.

പുനഃപരിശോധനാഹർജികൾ തുറന്ന കോടതിയിൽ കേൾക്കണമെന്ന ഹർജിക്കാരുടെ ആവശ്യം അംഗീകരിച്ചാണ് ചീഫ് ജസ്റ്റിസ് രഞ്ജൻ ഗോഗോയ്, ജസ്റ്റിസുമാരായ എ.എം. ഖാൻവിൽക്കർ, രോഹിന്റൺ നരിമാൻ, ഡി.വൈ. ചന്ദ്രചൂഡ്, ഇന്ദുമൽഹോത്ര എന്നിവരുടെ ബെഞ്ചിന്റെ നടപടി. ഹർജികൾ തുറന്ന കോടതിയിൽ ഉചിതമായ ബെഞ്ച് കേൾക്കും. സെപ്തംബർ 28ലെ വിധിക്ക് സ്റ്റേ ഇല്ലെന്ന് ഉത്തരവിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്.

49 പുനഃപരിശോധനാ ഹർജികളും നാല് റിട്ട് ഹർജികളുമാണ് സുപ്രീംകോടതിക്ക് മുൻപിലുള്ളത്. രാവിലെ റിട്ട് ഹർജികൾ ചീഫ് ജസ്റ്റിസ് രഞ്ജൻ ഗോഗോയി, ജസ്റ്റിസുമാരായ എസ്.കെ. കൗൾ, കെ.എം. ജോസഫ് എന്നിവർ കോടതി മുറിയിൽ പരിഗണിച്ചെങ്കിലും വൈകിട്ട് ചീഫ് ജസ്റ്റിസിന്റെ ചേംബറിൽ പുനഃപരിശോധനാഹർജികൾ പരിശോധിക്കുന്ന സാഹചര്യത്തിൽ മാറ്റിവയ്ക്കുകയായിരുന്നു.

റിവ്യൂ ഹർജികൾ തുറന്ന കോടതിയിൽ കേൾക്കാനാണ് തീരുമാനമെങ്കിൽ അതോടൊപ്പവും അല്ലെങ്കിൽ സ്വതന്ത്രമായും റിട്ട് ഹർജികൾ പരിഗണിക്കാമെന്ന് ചീഫ് ജസ്റ്റിസ് പറഞ്ഞു.

ബെഞ്ചിൽ മാറ്റമുണ്ടാകാൻ ഇടയില്ല

ഇന്നലെ ചേംബറിൽ പുനഃപരിശോധനാ ഹർജികൾ പരിഗണിച്ച അതേ ജസ്റ്റിസുമാരുടെ ബെഞ്ചായിരിക്കും ജനുവരി 22നും തുറന്ന കോടതിയിൽ വാദം കേൾക്കുക. ബെഞ്ചിലെ ഏതെങ്കിലും ഒരംഗം സ്വമേധയാ പിൻമാറിയാൽ മാത്രമേ പകരം പുതിയ ഒരാൾ വരാനുള്ള സാദ്ധ്യതയുള്ളൂ.

അസാധാരണം

സാധാരണഗതിയിൽ പുനഃപരിശോധനാഹർജികളിൽ ചേംബറിൽ തന്നെ തീരുമാനമെടുക്കാറാണ് ചെയ്യാറുള്ളത്. ഈ കേസിൽ വിധിപുനഃപരിശോധിക്കണമോയെന്നത് തുറന്നകോടതിയിൽ വാദം കേട്ട ശേഷം തീരുമാനിക്കാമെന്ന് കോടതി പറഞ്ഞിരിക്കുന്നത് അസാധാരണമാണ്. വിധിചോദ്യം ചെയ്ത് നൽകിയ ഹർജികൾ നൽകിയവർക്ക് തങ്ങളുടെ വാദം തുറന്നകോടതിയിൽ അവതരിപ്പിക്കാൻ അവസരം ലഭിക്കും. ഈ വാദം കേട്ടശേഷം മാത്രമേ പുനഃപരിശോധിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കുകയുള്ളൂ. നിലവിലെ വിധിക്ക് സ്റ്റേ ഇല്ലെന്ന് ഉത്തരവിൽ വ്യക്തമാക്കിയതിനാൽ സെപ്തംബർ 28ലെ വിധിയാണ് ഇപ്പോൾ പ്രാബല്യത്തിലുള്ളത്.

പി.ഡി.ടി. ആചാരി,
ലോക്സഭാ മുൻ സെക്രട്ടറി ജനറൽ, നിയമവിദഗ്ധൻ

സ്ത്രീപ്രവേശനം സംബന്ധിച്ച വിധി അതേപോലെ പ്രാബല്യത്തിലുണ്ട്. 10 നും 50 നും ഇടയ്ക്ക് പ്രായമുള്ളവർക്കും ശബരിമലയിൽ പോകാം. മറ്റു കാര്യങ്ങൾ നിയമവിദഗ്ധരുമായി ആലോചിച്ചശേഷം.

-മുഖ്യമന്ത്രി
പിണറായി വിജയൻ

പുനഃപരിശോധനാ ഹർജികൾ തുറന്ന കോടതിയിൽ പരിഗണിക്കാനുള്ള സുപ്രീംകോടതിയുടെ തീരുമാനം സ്വാഗതാർഹമാണ്. ഈ തീരുമാനത്തിന്റെ വെളിച്ചത്തിൽ സ്ത്രീ പ്രവേശനം നടപ്പാക്കുമെന്ന പിടിവാശി മണ്ഡലം മകരവിളക്ക് കാലത്ത് സംസ്ഥാന സർക്കാർ ഉപേക്ഷിക്കണം. വിധി സ്റ്റേ ചെയ്തിട്ടില്ലെന്നതിന്റെ സാങ്കേതികത്വത്തിൽ സർക്കാർ കടിച്ചുതൂങ്ങരുത്.

-രമേശ് ചെന്നിത്തല
പ്രതിപക്ഷനേതാവ്

അന്തിമ വിധി വരുംവരെ യുവതീ പ്രവേശം സർക്കാർ നടപ്പാക്കരുത്. സുപ്രീംകോടതി എടുത്ത തീരുമാനത്തിന്റെ അന്തഃസത്ത സർക്കാർ ഉൾക്കൊള്ളണം.

-പി.എസ്. ശ്രീധരൻപിള്ള
ബി.ജെ.പി സംസ്ഥാന പ്രസിഡന്റ്

വിധിപ്പകർപ്പ്

UPON perusing papers the Court made the following
O R D E R

Applications for hearing of review petitions in Open Court are allowed.

All the Review Petitions along with all pending applications will be heard in Open Court on 22nd January, 2019 before the appropriate Bench. We make it clear that there is no stay of the judgment and order of this Court dated 28th September, 2018 passed in Writ Petition (Civil) No.373 of 2006 (Indian Young Lawyers Association & Ors. vs. The State of Kerala & Ors.)

ഡിവൈ.എസ്.പി ബി. ഹരികുമാർ സ്വന്തം വീട്ടിൽ തൂങ്ങിമരിച്ച നിലയിൽ

- ഒൻപതു ദിവസമായി ഒളിവിലായിരുന്നു
- തിങ്കളാഴ്ച രാത്രി സുഹൃത്ത് ബിനുവിന്റെ കാറിൽ എത്തിയെന്ന് സൂചന
- സ്വന്തം കുടുംബം താമസം മാറിയതിനാൽ വീട്ടിൽ ആരും ഉണ്ടായിരുന്നില്ല
- ആദ്യം കണ്ടത് ഇന്നലെ രാവിലെ നായ്ക്കൾക്ക് ഭക്ഷണം കൊടുക്കാനെത്തിയ ഭാര്യാമാതാവ്

കൂടുതൽ വാർത്ത പേജ് 6

തിരുവനന്തപുരം: നെയ്യാറ്റിൻകര സനൽകുമാർ കൊലക്കേസിൽ പ്രതിയായ ഡിവൈ.എസ്.പി ബി. ഹരികുമാറിനെ(51) കല്ലമ്പലത്ത്സ്വന്തം വീട്ടുവളപ്പിലെ ചായ്പിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. സനൽകുമാറിന്റെ കൊലപാതകം നടന്ന നവംബർ അഞ്ചുമുതൽ ഒളിവിൽപോയ ഡിവൈ.എസ്.പി കുടുംബവേണ്ടി ക്രൈംബ്രാഞ്ച് നാട്ടുമുഴുവൻ തെരച്ചിൽ നടത്തവേയാണ് മരണം. ഹരികുമാറിന്റെ മുൻകൂർ ജാമ്യാപേക്ഷ കോടതി പരിഗണിക്കേണ്ട ദിവസമാണിന്ന്. ഹരികുമാറിനെ അറസ്റ്റു ചെയ്യണമെന്നാവശ്യപ്പെട്ട് സനൽകുമാറിന്റെ കുടുംബവും നാട്ടുകാരും സംഭവം നടന്ന കൊടുങ്ങാവിളയിൽ ഇന്നലെ ഉപവാസ പ്രാർത്ഥനാ സമരം തുടങ്ങി രണ്ടു മണിക്കൂർ പിന്നിട്ടപ്പോഴാണ് മരണവിവരം പുറംലോകം അറിഞ്ഞത്.

നെയ്യാറ്റിൻകര സംഭവത്തിനു ശേഷം കല്ലമ്പലം വെയിലൂരിലെ ദേവനന്ദനത്തിൽ കുടുംബാംഗങ്ങൾ എത്താറില്ലായിരുന്നു. സമീപത്ത്താമസിക്കുന്ന ഹരികുമാറിന്റെ ഭാര്യാ മാതാവ് ലളിതമ്മ ഇന്നലെ രാവിലെ ഒൻപതരയോടെ നായ്ക്കൾക്ക് ഭക്ഷണം നൽകാനെത്തിയപ്പോഴാണ് ഹരികുമാറിനെ തൂങ്ങിമരിച്ച നിലയിൽ കണ്ടത്. അവർ ബന്ധുക്കളെ വിവരം അറിയിച്ചു. മുണ്ടുകൊണ്ട് കഴുത്തിൽ കുരുക്കിട്ട് തൂങ്ങിയ നിലയിലായിരുന്നു. ജീൻസും ടീ-ഷർട്ടുമായിരുന്നു വേഷം. ഷർട്ടിന്റെ പോക്കറ്റിൽനിന്ന് ആത്മഹത്യാകുറിപ്പെന്ന് കരുതുന്ന കത്ത് കിട്ടി. പാദങ്ങൾ തറയിൽ ഉരുമ്മിനിൽക്കുകയായിരുന്നു.

12.50ന് സബ് കളക്ടർ ഇമ്പശേഖർ എത്തിയശേഷമാണ് മറ്റുള്ളവരെ പൊലീസ് വീട്ടുവളപ്പിൽ കടക്കാൻ അനുവദിച്ചത്. റൂറൽ എസ്.പി അശോക്കുമാർ, ആറ്റിങ്ങൽ ഡിവൈ.എസ്.പി അനിൽകുമാർ, അസിസ്റ്റന്റ് കളക്ടർ പ്രിയങ്ക, വർക്കല തഹസിൽദാർ പി. ഷിബു എന്നിവരും എത്തിയിരുന്നു. വിരലടയാള വിദഗ്ധർ തെളിവുശേഖരിച്ചു. ഡോഗ് സ്ക്വാഡും എത്തിയിരുന്നു.

സബ്കളക്ടർ ഇമ്പശേഖറിന്റെ സാന്നിദ്ധ്യത്തിൽ 3.45ന് ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കി. മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടത്തിനു ശേഷം രാത്രി ഏഴോടെ കല്ലമ്പലത്തെ വീട്ടിലെത്തിച്ചമൃതശരീരം ഒൻപതോടെ സംസ്കരിച്ചു. ലേഖയാണ് ഭാര്യ. മക്കൾ: പരേതനായ അഖിൽ ഹരി, അതുൽ ഹരി (രണ്ടാം വർഷ കോളേജ് വിദ്യാർത്ഥി)

കഴിഞ്ഞ 7ന് രാത്രിപത്തരയോടെ നെയ്യാറ്റിൻകര കൊടങ്ങാവിളയിലാണ് സനൽകുമാറിന്റെ കൊലപാതകത്തിലേക്ക് നയിച്ച സംഭവം. സ്വകാര്യ പണമിടപാട് നടത്തുന്ന സുഹൃത്ത് ബിനുവിന്റെ വീട്ടിൽ നിന്ന് ഹരികുമാർ പുറത്തിറങ്ങിയപ്പോൾ കാറിനു മുന്നിൽ മറ്റൊരു കാർ കണ്ട് രോഷാകുലനായി. സമീപത്തെ തട്ടുകടയിൽ ആഹാരം കഴിക്കാനെത്തിയ സനൽകുമാറിന്റേതായിരുന്നു കാർ. കാർ മാറ്റിയിട്ടെങ്കിലും സനൽകുമാറിനെ മർദ്ദിച്ചു റോഡിലേക്കു തള്ളിയപ്പോൾ അമിതവേഗതയിലെത്തിയ കാറിടിച്ചു തെറിപ്പിച്ചു. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലും തുടർന്ന് മെഡിക്കൽ കോളേജിലും എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ബിനുവിനൊപ്പം കാറിൽ ഒളിവിൽ പോയ ഹരികുമാർ തിങ്കളാഴ്ചയാണ് വീട്ടിലെത്തിയതെന്ന് കരുതുന്നു. സനൽകുമാറിനെ മനഃപൂർവം കൊന്നതാണെന്ന് ക്രൈംബ്രാഞ്ച് റിപ്പോർട്ട് തയ്യാറാക്കിയതോടെ ഹരികുമാർ മാനസികമായി സമ്മർദ്ദത്തിലായെന്നാണ് അടുപ്പമുള്ളവർ പറയുന്നത്.

വിജയകുമാർ ദേവസ്വംബോർഡ് മെമ്പറാകും

തിരുവനന്തപുരം: തിരുവിതാംകൂർ ദേവസ്വംബോർഡിലെ പട്ടികജാതിവിഭാഗം അംഗത്തിന്റെ ഒഴിവിലേക്ക് അഡ്വ. എൻ. വിജയകുമാറിനെ നിർദ്ദേശിക്കാൻ സി.പി.എമ്മിൽ ധാരണ.

തിരുവനന്തപുരം തിരുവല്ലം സി.പി.എം ലോക്കൽകമ്മിറ്റി അംഗമായ വിജയകുമാർ സെക്രട്ടേറിയറ്റിൽ അഡിഷണൽ സെക്രട്ടറി റാങ്കിൽ വിരമിച്ച ഉദ്യോഗസ്ഥനാണ്. സംസ്ഥാന വിവരാവകാശ കമ്മിഷനിൽ സെക്രട്ടറിയായിരുന്നിട്ടുണ്ട്. 2000ലെ നായനാരുടെ ഭരണകാലത്ത് കോൺഗ്രസ് സി. പി. എം സംഘർഷത്തിന്റെ പേരിൽ കോടതി ഉത്തരവു പ്രകാരം പിരിച്ചുവിടപ്പെട്ടഏഴുപേരിൽ ഒരാളായിരുന്നു. വി.എസ്സർക്കാരാണ് തിരിച്ചെടുത്തത്.

ഈ മാസം 29നാണ് നിയമസഭയിലെ ഹിന്ദു എം.എൽ.എമാർക്കിടയിൽ ദേവസ്വംബോർഡ് അംഗത്തെ തിരഞ്ഞെടുക്കാൻ വോട്ടെടുപ്പ് നടക്കുക. കെ. രാഘവൻ വിരമിച്ചഒഴിവിലേക്കാണ് തിരഞ്ഞെടുപ്പ്. 27ന് നാമനിർദ്ദേശപത്രിക സമർപ്പിക്കും.

മലബാർ ദേവസ്വംബോർഡിലുള്ള ഒഴിവിലേക്ക് കാലാവധി തീർന്ന പ്രസിഡന്റ് ഒ.കെ. വാസുവിനെ വീണ്ടും നിർദ്ദേശിക്കും. തുടർച്ചയായി രണ്ട് വട്ടം നിയമിക്കുന്നതടസം നീക്കാൻ ഈയിടെ നിയമഭേദഗതി വരുത്തിയിരുന്നു.